# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 109

06/01/2014ലെ
മറുപടിക്ക്

## സർവ്വീസിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി. വഴി നികത്താൻ നടപടി

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. എം. എംസ<br>ശ്രീ. എ.പ്രദീപ്കുമാർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് നിയമന നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; സർവ്വീസിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി. വഴി നികത്താൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; തസ്തികകൾ സൃഷ്ടിക്കുന്നതും നിയമനം നടത്തുന്നതും സംബന്ധിച്ച സർക്കാരിന്റെ പ്രഖ്യാപിത നിലപാടും നടപടികളും തമ്മിൽ വൈരുദ്ധ്യം നിലനിൽക്കുന്നുണ്ടോ എങ്കിൽ എന്തുകൊണ്ടാണ് എന്നറിയിക്കുമോ ; | (എ) ഇല്ല; കഴിയുന്നുണ്ട്; വൈരുദ്ധ്യം നിലനിൽക്കുന്നില്ല. |
| (ബി) പി.എസ്.സി.-യുടെ അഡൈ്വസ് മെമ്മോ ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നിയമന ഉത്തരവ് ലഭിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; നിയമനങ്ങൾ നടത്താതെ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതു കൊണ്ട് തൊഴിൽരഹിതർക്ക് നഷ്ടമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വിവരം ശേഖരിച്ചുവരുന്നു; ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) റിട്ടയർമെന്റ് ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിലെ തടസ്സം നീക്കാമോ ; | (സി) 2014 കലണ്ടർ വർഷത്തെ റിട്ടയർമെന്റ് മൂലം ഉണ്ടാകുന്ന എല്ലാ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ഡി) എയിഡഡ് സ്കൂൾ, കോളേജ് മാനേജ്മെന്റുകൾക്കും മറ്റും തസ്തികകൾ അനുവദിക്കുമ്പോൾ പി.എസ്.സി. വഴി നിയമനം നടത്തുന്ന വകുപ്പുകളിൽ പുതിയ തസ്തിക അനുവദിക്കാതിരിക്കുന്നതും നിയമനം നടത്താതിരിക്കുന്നതും എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) തസ്തിക സൃഷ്ടിക്കേണ്ട സാഹചര്യം നിലവിൽ ഉണ്ടെങ്കിൽ മാത്രമേ പുതിയ തസ്തികകൾ അനുവദിക്കാറുള്ളൂ. അല്ലാത്ത പക്ഷം നിയമനം നടത്തുന്നതിൽ തടസ്സമൊന്നു മില്ല.

(ഇ) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ-അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപന ങ്ങൾ, ബോർഡുകൾ തുടങ്ങിയയിടങ്ങളിൽ പി.എസ്.സി. വഴിയല്ലാതെ നടന്ന നിയമന ങ്ങളുടെ കണക്കുകൾ ലഭ്യമാക്കുമോ?

(ഇ) വിവരം ശേഖരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**